**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **12-09-2023 - ൽ മറുപടിയ്ക്ക്**

**നൂതന പഠന വകുപ്പുകളും പ്രോജക്റ്റ് മോഡ് കോഴ്സുകളും ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ചയും പഠന ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നത് ലക്ഷ്യമിട്ട് നൂതന പഠനവകുപ്പുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിൽ ഏതൊക്കെ നൂതന പഠന വകുപ്പുകളാണ് ആരംഭിക്കുന്നത്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്.<br><br>**കേരള സർവകലാശാല**<br><br>പുതുതലമുറ കോഴ്സുകൾ പഠനപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ഒൻപത് പുതിയ പഠന വകുപ്പുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് :<br><br>1. കമ്മ്യൂണിക്കേഷൻ സയൻസ് ആൻഡ് ഇലക്ട്രോണിക്സ് വകുപ്പ്<br>2. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് വകുപ്പ്<br>3. ഡാറ്റാ സയൻസ് വകുപ്പ്<br>4. ഫങ്ക്ഷണൽ ഓർഗാനിക് മെറ്റീരിയൽസ് വകുപ്പ്<br>5. ഓഷ്യാനോഗ്രാഫി ആൻഡ് ബ്ലൂ ഇക്കോണമി വകുപ്പ്<br>6. റിന്യൂവബിൾ എനർജി വകുപ്പ്<br>7. ഇന്റഗ്രേറ്റീവ് ബയോളജി വകുപ്പ്<br>8. അറ്റ്മോസ്ഫെറിക് സയൻസ് വകുപ്പ്<br>9. ഡിസൈൻ വകുപ്പ്<br><br>**മഹാത്മാഗാന്ധി സർവകലാശാല**<br><br>• ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ചയും പഠന ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നത് ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവകലാശാല കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 8 പുതിയ പഠനവകുപ്പുകളും 2 അന്തർദേശീയ പഠനകേന്ദ്രങ്ങളും പുതിയ ഇന്റർസ്കൂൾ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ |

ഇന്റലിജൻസ് & റോബോട്ടിക്സ്, നാനോസയൻസ് & നാനോടെക്നോളജി, എനർജി മെറ്റീരിയൽസ്, ഫുഡ് സയൻസ്, ഡേറ്റ അനലിറ്റിക്സ്, School of Polymer Science, School of Gender Studies മുതലായ വകുപ്പുകളാണ് പുതിയതായി രൂപീകരിച്ചിട്ടുള്ളത്.

- ഓൺലൈൻ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ നടത്തുന്നതിന് മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭ്യമായിട്ടുണ്ട്. ടി പ്രോഗ്രാമുകളുടെ നടത്തിപ്പിനായി സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

**കാലിക്കറ്റ് സർവകലാശാല**

കാലിക്കറ്റ് സർവ്വകലാശാലയിൽ ഇന്റഗ്രേറ്റഡ് എം.എസ്.സി. ബയോസയൻസ്, ഇന്റഗ്രേറ്റഡ് എം.എസ്.സി. കെമിസ്ട്രി, ഇന്റഗ്രേറ്റഡ് എം.എസ്.സി. ഫിസിക്സ്, എം.എസ്.സി. റേഡിയേഷൻ ഫിസിക്സ് എന്നിവ യഥാക്രമം സുവോളജി, കെമിസ്ട്രി, ഫിസിക്സ് എന്നീ പഠന വകുപ്പുകളുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് എക്കണോമിക്സ് പഠന വകുപ്പിന് കീഴിൽ പ്രത്യേക വിഭാഗമായി ആരംഭിച്ചിട്ടുണ്ട് . കൂടാതെ നാനോ സയൻസ് & ടെക്നോളജി, ഫോറൻസിക് സയൻസ് എന്നീ പഠന വകുപ്പുകളും ആരംഭിച്ചിട്ടുണ്ട്.

**കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല**

05.11.2020-ലെ GO(Ms)No.389/2020/HEdn നമ്പർ ഉത്തരവ് പ്രകാരം കൊച്ചി സർവ്വകലാശാലയ്ക്ക് (1) 5 yr Integrated M.Sc in Biological Science (2) M.Sc Econometrics and Financial Technology (3) M.Sc in Computer Science (Artificial Intelligence & Data Science) എന്നീ കോഴ്സുകൾ തുടങ്ങുവാനുള്ള അനുമതി നൽകിയിരുന്നു. 2020-21 വർഷത്തിൽ ആരംഭിച്ച Prof. N.R Madhava Menon Interdisciplinary Centre for Research Ethics and Protocol-ൽ Bioethics-ൽ ദ്വിവർഷ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ 3/6 മാസ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്തി വരുന്നു. സർവ്വകലാശാലയിൽ ആരംഭിച്ച പുതിയ സെന്റർ ആയ സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസിലാണ് M.Sc Econometrics and Financial Technology എന്ന കോഴ്സ് ആരംഭിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| | | | **എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല**<br><br>എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടുകളിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പ്രാരംഭമായി താഴെ പറയുന്ന 7 സ്കൂളുകൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സർവകലാശാല ഭരണ സമിതികൾ സ്വീകരിച്ച് വരുന്നുണ്ട് :<br><br>1. സ്കൂൾ ഓഫ് മെക്കാനിക്കൽ സയൻസസ് ആൻഡ് ടെക്നോളജി.<br>2. സ്കൂൾ ഓഫ് ബിൽഡിംഗ് സയൻസസ് ആൻഡ് ടെക്നോളജി<br>3. സ്കൂൾ ഓഫ് ഇലക്ട്രിക്കൽ സയൻസസ് ആൻഡ് ടെക്നോളജി<br>4. സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ സയൻസസ് ആൻഡ് ടെക്നോളജി<br>5. സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് ആൻഡ് ടെക്നോളജി<br>6. സ്കൂൾ ഓഫ് ഇന്റേർഡിസിപ്ലിനറി സ്റ്റഡീസ് ആൻഡ് റിസർച്ച്<br>7. സ്കൂൾ ഓഫ് ബേസിക് സയൻസസ് ആൻഡ് ഹ്യൂമാനിറ്റീസ് |
| (ബി) | പ്രസ്തുത പഠനവകുപ്പുകൾ മുഖേന എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നും വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള മാറ്റത്തിന് അത് എത്രത്തോളം സഹായകരമാകുമെന്നും വിശദമാക്കാമോ; | (ബി) | വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ദേശീയതലത്തിലെ മത്സരപരീക്ഷകളിൽ മികച്ചപ്രകടനം കാഴ്ചവയ്ക്കുന്നതിനും അനുയോജ്യമായ വിധത്തിൽ നൂതന സാങ്കേതിക വിദ്യകളിലും, മാറി വരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കനുസൃതവുമായും ആയ കോഴ്സുകൾ ആണ് സർവകലാശാലകളിലെ പഠനവകുപ്പുകളിൽ നടത്തപ്പെടുന്നത്. വിവിധ വൈജ്ഞാനിക മേഖലകളിലെ നൂതന സങ്കേതങ്ങൾ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഗവേഷണം പ്രോത്സാഹിപ്പിച്ചും ഗവേഷണ ഫലങ്ങൾ പൊതു സമൂഹത്തിന്റെ ആവശ്യങ്ങൾക്കുതകുന്നവിധം സേവനങ്ങളായും ഉൽപ്പന്നങ്ങളായും രൂപകൽപ്പന ചെയ്തും വിദ്യാർത്ഥികളിലെ സംരംഭകത്വം പ്രോത്സാഹിപ്പിച്ചും വിവിധ മേഖലകളെ ഏകോപിപ്പിച്ച്, ആധുനിക പശ്ചാത്തല സൗകര്യങ്ങളും, ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളും സാമ്പത്തിക സഹായങ്ങളും സജ്ജമാക്കി സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതുവഴി വിജ്ഞാന സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിന് പ്രസ്തുത പഠന വകുപ്പുകൾ ലക്ഷ്യം വെയ്ക്കുന്നു. |
| | | | |

| | | | |
|---|---|---|---|
| (സി) | നൂതന മേഖലകളിൽ പ്രോജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതിന് സർവ്വകലാശാലകൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ അതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (സി) | ഉണ്ട്. നൂതന മേഖലകളിൽ പ്രോജക്ട് മോഡ് കോഴ്സുകൾ സർവകലാശാലകളിൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി GO(Ms)No.528/2022/HEDN തീയതി 22.10.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവകലാശാല തിരിച്ചുള്ള കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ആധുനിക കാലഘട്ടത്തിലെ ദേശീയവും അന്തർദേശീയവുമായ തൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വിദ്യാർത്ഥികളെ സജ്ജമാക്കുവാൻ പ്രോജക്ട് മോഡ് കോഴ്സുകളിലൂടെ ലക്ഷ്യമിടുന്നു. |
| (ഡി) | പരമ്പരാഗത കോഴ്സുകളിൽ നിന്നും വ്യത്യസ്തമായതിനാൽ പ്രസ്തുത കോഴ്സുകളുടെ ഫലപ്രാപ്തി സംബന്ധിച്ച പഠനം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ആദ്യ ബാച്ച് പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് കോഴ്സുകളുടെ ഫലപ്രാപ്തി സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സർവകലാശാലകൾ ശ്രദ്ധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

സർവ്വകലാശാലകളിൽ നടത്തുവാൻ അനുമതി നൽകിയ പ്രോജക്ട് മോഡ് കോഴ്സുകളുടെ വിവരം :

| Sl. No. | University | Courses |
|---|---|---|
| 1. | University of Kerala | 1. M.Sc. Chemistry (Functional Materials)<br>2. M.Sc. Computer Science With Specialization in Machine Learning<br>3. Master of Design (M.Des) Programme with Specialization in<br>i. Game Art Development<br>ii. Animation Film Making<br>iii. Visual Effects Technology |
| 2. | Mahatma Gandhi University | 1. M.Sc. Physics (Nanoscience & Nanotechnology)<br>2. M.Sc. Chemistry (Nanoscience & Nanotechnology)<br>3. M.Sc. Applied Geology |
| 3. | Sree Sankaracharya University of Sanskrit | 1. PG Diploma in Sanskrit Computational Linguistics<br>2. Multidisciplinary Masters in Disaster Mitigation and Management<br>3. Post Graduate Diploma Programme in Active Ageing and Wellness Rehabilitation |
| 4. | Kannur University | 1. Diploma course in geoinformatics for spatial planning<br>2. Post graduate diploma in cyber security<br>3. M.Sc. Biostatistics with Specialization in Epidemiology and SAS Programing |
| 5. | NUALS | NUALS Executive LL. M. (PjBL) |
| 6. | University of Calicut | 1. Diploma in Digital Media Production<br>2. Data Science and Analytics<br>3. Commercial Tissue Culture of Agri-Horticultural Crops Programme |
| 7. | CUSAT | 1. M.Tech. in Sensor System Technology<br>2. M.Sc. in Marine Genomics<br>3. M.Sc in Actuarial Science |

സെക്ഷൻ ഓഫീസർ